പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1095</u> <u>2.03.2017-ൽ മറുപടിയ്ക്ക്</u>

## ദേശീയ -സംസ്ഥാന പാതകളിൽ സുരക്ഷ മുന്നറിയിപ്പ് ബോർഡുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>" പി.ജെ.ജോസഫ്<br>ഡോ.എൻ.ജയരാജ്: | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ദേശീയ - സംസ്ഥാന പാതകളിൽ സുരക്ഷ മുന്നറിയിപ്പ ബോർഡുകൾ പലയിടങ്ങളിലും വേണ്ടത്ര സ്ഥാപിച്ചിട്ടില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതി, പദ്ധതിയേതര ഫണ്ട്, റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും ലഭ്യമാകുന്ന ഫണ്ട് എന്നിവയുടെ ലഭ്യത അനുസരിച്ച് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഉള്ള റോഡുകളിൽ സുരക്ഷാ മുന്നറിയിപ്പ ബോർഡുകളും അപകട നിവാരണത്തിനായി പല ഹ്രസ്വകാല പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (ബി) എം.സി. റോഡിൽ നിരന്തരം അപകടമുണ്ടാകുന്ന സ്ഥലങ്ങളെക്കുറിച്ചുള്ള പത്രവാർത്തകൾ ഉണ്ടായിട്ടും മുന്നറിയിപ്പ് സംവിധാനങ്ങൾ ഏർപ്പെടുത്താത്തതും, അപകടത്തിൽ തകർന്നു പോയ മുന്നറിയിപ്പ ബോർഡുകളും മറ്റും താമസംവിനാ പുനസ്ഥാപിക്കാത്തതും എന്തുകൊണ്ടാണെന്ന് പരിശോധിച്ചി - ട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) മണ്ണന്തല മുതൽ തൈക്കാട് വരെയുള്ള ഭാഗത്തെ സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ പുനസ്ഥാപിക്കാനും, വട്ടപ്പാറ മുതൽ കണക്കോട് വരെയുള്ള ഭാഗങ്ങളിൽ ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് (തുക 32.50ലക്ഷം) ജില്ലാ കളക്ടർ, തിരുവനന്തപുരത്തിന് കേരള റോഡ് സേഫ്റ്റി അതോറിറ്റിയിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.കഴക്കൂട്ടം മുതൽ ചെങ്ങന്നൂർ വരെയുള്ള എം.സി റോഡിൽ ഉൾപ്പെട്ട കഴക്കൂട്ടം - അടൂർഭാഗത്ത് എസ്.സി.ഡി.പി.യുടെ ഭാഗമായി അപകടത്തിലോ അല്ലാതെയോ നീക്കം ചെയ്യപ്പെട്ട മുന്നറിയിപ്പ് |

| | | | |
|---|---|---|---|
| | | | ബോർഡുകൾ പുനസ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| **(സി)** | എം.സി റോഡിൽ വട്ടപ്പാറ ടൗൺ കഴിഞ്ഞതിനുശേഷം വരുന്ന 'എസ്' വളവിൽ അടിയ്ക്കടി അപകടം ഉണ്ടായിട്ടും യാത്രികരുടെ ശ്രദ്ധയാകർഷിക്കാൻ ഉതകുന്ന തരത്തിൽ യാതൊരു സംവിധാനവും ഏർപ്പെടുത്തിയിട്ടില്ലായെന്ന കാര്യം അടിയന്തിരമായി പരിശോധിച്ച് നടപടി സ്വീകരിക്കുമോ? | **(സി)** | മണ്ണന്തല - തൈക്കാട് റോഡിൽ, വട്ടപ്പാറ, ചിറ്റാഴ, അമ്പല നഗർ, പുളിവിള, കന്നക്കോട് എന്നി ഭാഗങ്ങളിൽ റോഡിന്റെ ഒരു വശത്ത് താഴ്ന്ന പ്രദേശങ്ങളാകയാൽ അപകടം ഒഴിവാക്കാനായി ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിനും, മറ്റ് സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിനായി 32.5ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്താൻ 20.01.2017-ൽ ജില്ലാ കളക്ടർ, തിരുവനന്തപുരത്തിന് സമർപ്പിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ